പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *115 10/08/2017 ൽ മറുപടിയ്ക്ക്

# ഭൂരേഖകൾ ഡിജിറ്റൽ ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു.<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൽ ആക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സർവ്വേ റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി 'ഇ-രേഖ' എന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ DILRMP യിൽ ഉൾപ്പെടുത്തി ഡിജിറ്റൈസ് ചെയ്ത നിലവിലെ 635 വില്ലേജുകളുടെ ഭൂരേഖകൾ (FMB കൾ) പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനിലായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ബാക്കിയുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഡിജിറ്റൈസ് ചെയ്യാത്ത സർവ്വെ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ വെബ് സംവിധാനത്തിലൂടെ വില്ലേജുകളുടെ ഡാറ്റ അപ് ലോഡ് ചെയ്യുന്ന ജോലികൾ പുരോഗമിച്ചു വരുന്നു.<br>റെലിസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1243 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR) ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. അതിൽ 450 വില്ലേജുകളിൽ തണ്ടപ്പേർ രജിസ്റ്ററുകളും (TPR) ഇതിനോടകം ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ഇ-രേഖാ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ല ഒഴികെ മറ്റ് ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളുടെ സെൻട്രൽ സർവ്വെ ഓഫീസിൽ നിന്നും ലഭ്യമായ 7,48,427 FMB കളും 3,875 |

ബ്ലോക്ക് മാപ്പുകളും സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ, മറ്റ് ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ എന്നിവ മുഖാന്തിരം സ്കാനിംഗിലൂടെ ഡിജിറ്റൈസ് ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. റീസർവ്വെ പൂർത്തിയാക്കിയ ബാക്കി വില്ലേജുകളുടെ റിക്കാർഡുകൾ ജില്ലകളിൽ നിന്നും സെൻട്രൽ സർവ്വെ ഓഫീസിൽ ലഭ്യമാകുന്ന മുറയ്ക്ക് ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതുമാണ്.

റെലിസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ എല്ലാ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാനാവുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ